"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:- എൻ.2/16397/2025/ഡി.ജി.ഇ. 

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 27-10-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - "വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ്- ഇക്കോസെൻസ് 2025"- പുതുക്കിയ സമയക്രമം- സംബന്ധിച്ച്

സൂചന :- 1. 30/09/2025 തീയതിയിലെ സ.ഉ.(സാധാ) നം. 2388/2025/LSGD

2. 06/10/2025 തീയതിയിലെ എൻ.2/16397/2025/ഡി.ജി.ഇ നമ്പർ സർക്കുലർ

*****

തദ്ദേശ സ്വയം ഭരണ വകുപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആവിഷ്കരിച്ച സ്കോളർഷിപ്പ് പദ്ധതിയാണ് "വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് - ഇക്കോസെൻസ് 2025". മാലിന്യ സംസ്കരണവും പരിസ്ഥിതി സംരക്ഷണവും സംബന്ധിച്ച് വിദ്യാർത്ഥികളിൽ ശാസ്ത്രീയമായ മാലിന്യ പരിപാലന മനോഭാവം വളർത്തുന്നതിനും, സമൂഹത്തിൽ ശുചിത്വ ബോധവും സുസ്ഥിര വികസനത്തിനുള്ള പ്രതിബദ്ധതയും മനോഭാവവും ഉറപ്പാക്കുക എന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം.

"വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് - ഇക്കോസെൻസ് 2025" പദ്ധതിയിലൂടെ കേരളത്തിലെ സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത അൺ-എയ്ഡഡ്(കേരള സിലബസ്) സ്കൂളുകളിലെ യു.പി. വിഭാഗത്തിലെ 6, 7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ, ഹൈസ്കൂൾ വിഭാഗത്തിലെ 8, 9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ, +1 വിദ്യാർത്ഥികൾ(ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി) എന്നിങ്ങനെ അമ്പതിനായിരത്തിൽപ്പരം വിദ്യാർത്ഥികൾക്ക് 1500/- രൂപ സ്കോളർഷിപ്പും പ്രശസ്തി പത്രവും നൽകുന്നതിനൊപ്പം, മികച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് അനുമോദനവും നൽകുന്നു.

സൂചന(1) പ്രകാരം വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് - ഇക്കോസെൻസ്" പദ്ധതി സർക്കാർ അംഗീകരിച്ച് ഉത്തരവാകുകയും, സൂചന(2) പ്രകാരം പദ്ധതിയുടെ മാനദണ്ഡങ്ങളും സമയക്രമവും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുവാനായി സമയക്രമം പുതുക്കി നശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ സമയക്രമം ചുവടെ ചേർക്കുന്നു.

## ഇക്കോസെൻസ് 2025- സമയക്രമം

| ക്രമ നം. | പ്രവർത്തനം | തീയതി |
|---|---|---|
| 1 | സ്കോളർഷിപ്പിനായുള്ള രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ട തീയ്യതി<br>• രജിസ്ട്രേഷൻ സ്കൂൾ തലത്തിലാണ് നടക്കുന്നത്.<br>• സ്കൂളിലെ സ്കോളർഷിപ്പ് ചുമതലയുള്ള ടീച്ചർ കോർഡിനേറ്റർ പക്കൽ പേര് നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. | നവംബർ 5, 2025 |
| 2 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരിചയപ്പെടുത്തൽ(അനുബന്ധം 1) | |
| 3 | വിദ്യാലയത്തിൽ കുട്ടികളുടെ ഹരിതസഭ<br>• സ്കൂളിന്റെ നേതൃത്വത്തിലായിരിക്കണം നടത്തേണ്ടത്<br>• വിദ്യാർത്ഥികളുടെ അതുവരെയുള്ള പ്രവർത്തനങ്ങളുടെ അവതരണവും സംശയ നിവാരണവും, പ്രവർത്തനങ്ങൾക്ക് സഹായകമായ അവതരണങ്ങൾ, വീഡിയോ പ്രദർശനം | നവംബർ 14, 2025 |
| 4 | അനുബന്ധം 1 ലെ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾ പൂർത്തീകരിക്കേണ്ട അവസാന തീയതി | നവംബർ 29, 2025 |
| 5 | സ്കോളർഷിപ്പിനായി തെരെഞ്ഞെടുത്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്കൂളിൽ പ്രസിദ്ധീകരിക്കേണ്ട തീയതി | ഡിസംബർ 2, 2025 |
| 6 | വിദ്യാലയത്തിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നൽകേണ്ട അവസാന തീയ്യതി | ഡിസംബർ 5, 2025 |
| 7 | സ്കോളർഷിപ്പിനായി തെരെഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് തദ്ദേശ സ്ഥാപന തല പ്രവർത്തനങ്ങളുടെ (അനുബന്ധം 2) ഓറിയന്റേഷൻ നൽകേണ്ടത്.<br>• ടീച്ചർ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ഓറിയന്റേഷൻ നൽകേണ്ടതാണ്. | 2025 ഡിസംബർ 5-നുള്ളിൽ |
| 8 | അനുബന്ധം 2 ലെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടത് | 2026 ജനുവരി 15-നുള്ളിൽ |
| 9 | ശുചിത്വ പഠനോത്സവത്തിലേക്കുള്ള തയ്യാറെടുപ്പുകളും പ്രവർത്തനങ്ങളും പൂർത്തീകരിക്കേണ്ടത് | ജനുവരി 20, 2026 |
| 10 | മികച്ച വിദ്യാലയങ്ങളുടെ തെരെഞ്ഞെടുപ്പ് | ജനുവരി 20, 2026 |

| | | |
|---|---|---|
| 11 | ശുചിത്വ പഠനോത്സവം തദ്ദേശ സ്ഥാപന തലത്തിൽ | ജനുവരി 26, 2026 |

പുതുക്കിയ സമയക്രമം പ്രകാരം സ്കോളർഷിപ്പ് പ്രവർത്തനങ്ങൾക്രമീകരിക്കുന്നതിനും, പദ്ധതിയുടെ ഓരോ ഘട്ടത്തിലെയും പ്രവർത്തനങ്ങൾ സമയക്രമം പാലിച്ചുകൊണ്ട് പൂർത്തീകരിക്കുന്നതിനും വിദ്യാഭ്യാസ ഉപഡയറക്ടർമാർ, RDD(HSE), AD(VHSE) എന്നിവർ അധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതും, പ്രവർത്തനങ്ങളുടെ സ്ഥിതി വിവരങ്ങൾ യഥാസമയം വിലയിരുത്തേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി എസ്.സി.ഇ.ആർ.ടി കേരള പുറത്തിറക്കിയ പാഠപുസ്തകങ്ങളിലെയും, അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പ്രവർത്തനപുസ്തകങ്ങളിലെ(Work Integrated Education Activity Books - Class 5 to 10)-യും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളിലെ വിഷയങ്ങളെ സംയോജിപ്പിച്ചുകൊണ്ടാണ് വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് - ഇക്കോസെൻസ്" പദ്ധതിയുടെ ഉള്ളടക്കം വിഭാവനം ചെയ്തിട്ടുള്ളത്. ഈ പാഠഭാഗങ്ങളെയും വിഷയങ്ങളെയും ആസ്പദമാക്കിയുള്ള ആശയങ്ങളുടെയും അറിവുകളുടെയും ആവിഷ്കാരമാണ് സ്കോളർഷിപ്പ് പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾ സാധ്യമാക്കേണ്ടത്.

വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആസ്പദമാക്കിയിട്ടുള്ള തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം പ്രവർത്തനപുസ്തകങ്ങളിലെ(Work Integrated Education Activity Books - Class 5 to 10) മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

| **തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പ്രവർത്തനപുസ്തകം<br>(Work integrated Education Activity Book)** | |
|---|---|
| **Class** | **Chapter Name** |
| V | Chapter 7: ശീലിക്കാം പരിപാലിക്കാം(Manage to Maintain) |
| VI | Chapter 4: ശീലിക്കാം പ്രകൃതി സൗഹൃദ രീതികൾ(Let's Practise Eco-friendly Habits) |
| VII | Chapter 9: പാഴാക്കാതെ വിഭവമാക്കാം(Waste into Resource) |
| VIII | Chapter 6: പൈതൃക മാലിന്യം: വിരാമമിടേണ്ട ശീലം(Legacy Waste : A Habit to be curbed) |
| IX | 1. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പ്രവർത്തനപുസ്തകം -ഭാഗം 2- പാഴ്വസ്തുപരിപാലനം ഹരിത സാങ്കേതിക വിദ്യയിലൂടെ<br>(Work integrated Education Activity Book- Part 2- GREEN TECHNOLOGY SOLUTIONS FOR WASTE MANAGEMENT)<br>2. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പ്രവർത്തനപുസ്തകം -ഭാഗം 2- ടൂറിസം- ടൂറിസവും ആതിഥേയത്വവും<br>3. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പ്രവർത്തനപുസ്തകം -ഭാഗം 2- കൃഷി- വിളവിന്റെ വിജ്ഞാനം |

| | |
|---|---|
| X | 1. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പ്രവർത്തനപുസ്തകം -ഭാഗം 1- പാഴ്വസ്തുപരിപാലനം ഹരിത സാങ്കേതിക വിദ്യയിലൂടെ<br>(Work integrated Education Activity Book- Part 1- GREEN TECHNOLOGY SOLUTIONS FOR WASTE MANAGEMENT)<br>2. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പ്രവർത്തനപുസ്തകം -ഭാഗം 1- ടൂറിസം- ടൂറിസവും ആതിഥേയത്വവും<br>3. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പ്രവർത്തനപുസ്തകം -ഭാഗം 1- കൃഷി- വിളവിന്റെ വിജ്ഞാനം |

സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യം ഘട്ടമായി കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത അൺ-എയ്ഡഡ്(കേരള സിലബസ്) വിദ്യാലയങ്ങളിലെ യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിങ്ങനെ ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം അധ്യാപകർക്ക് സ്കോളർഷിപ്പിന്റെ ചുമതല(ടീച്ചർ കോർഡിനേറ്റർ) നൽകി നിയോഗിക്കേണ്ടതാണ്. സൂചന (1), (2) എന്നിവ പ്രകാരമുള്ള സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ കുട്ടികളെ അറിയിക്കാനും, അർഹതയുള്ള കുട്ടികളെ സ്കോളർഷിപ്പിന് തെരഞ്ഞെടുക്കാനും, പ്രവർത്തനങ്ങൾ വിലയിരുത്താനും ഏകോപിക്കാനുമുള്ള പ്രധാന ചുമതല ടീച്ചർ കോർഡിനേറ്റർക്കായിരിക്കും. വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സഹായ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ശുചിത്വ മിഷൻ തുടങ്ങിയവർ നൽകുന്നതാണ്.

**Signed by Aboobacker A**
**Date: 27-10-2025 21:53:11**

A.ABOOBACKER
JOINT DIRECTOR

സ്വീകർത്താവ്:

എല്ലാ പ്രാധാനദ്ധ്യാപകരും/പ്രിൻസിപ്പാൾമാരും

പകർപ്പ്:

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
2. ഡയറക്ടർ, എസ്.എസ്.കെ, തിരുവനന്തപുരം
3. ഡയറക്ടർ, ശുചിത്വ മിഷൻ
4. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. ജോയിന്റ് ഡയറക്ടർ(അക്കാഡമിക്- ഹയർ സെക്കണ്ടറി)
6. ഡെപ്യൂട്ടി ഡയറക്ടർ(കരിക്കുലം-വൊക്കേഷണൽ ഹയർ സെക്കണ്ടറി)
7. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
8. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും(ഹയർ സെക്കണ്ടറി)

9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും(വൊക്കേഷണൽ ഹയർ സെക്കണ്ടറി)
10. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

# വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ്

## 2025-26

## ഇക്കോസെൻസ് സർക്കുലർ

എസ് സി ഇ ആർ ടി കേരളയുടെ

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പ്രവർത്തനപുസ്തകങ്ങളിലൂടെ

- ക്ലാസ് 5
  - മലയാളം
  - ഇംഗ്ലീഷ്
- ക്ലാസ് 6
  - മലയാളം
  - ഇംഗ്ലീഷ്
- ക്ലാസ് 7
  - മലയാളം
  - ഇംഗ്ലീഷ്
- ക്ലാസ് 8
  - മലയാളം
  - ഇംഗ്ലീഷ്
- ക്ലാസ് 9
  - മലയാളം
  - ഇംഗ്ലീഷ്
  - ടൂറിസം
  - കൃഷി
- ക്ലാസ് 10
  - മലയാളം
  - ഇംഗ്ലീഷ്
  - ടൂറിസം
  - കൃഷി